**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6445** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം പട്ടികജാതിക്കാരുടെ ഭൂപ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് 3 മുതൽ 5 സെന്റ് വരെ വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതിനുപുറമേ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും ഭൂമി അനുവദിക്കുന്നുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭവന പൂർത്തീകരണത്തിനായി ഇക്കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന പൂർത്തീകരണ പദ്ധതി പ്രകാരം 1,40,58,09,060/- (നൂറ്റി നാൽപ്പത് കോടി അമ്പത്തിയെട്ട് ലക്ഷത്തി ഒമ്പതിനായിരത്തി അറുപത്) രൂപയും 2022-23 മുതൽ സേഫ് പദ്ധതി മുഖേന 1,36,15,87,296 /- (നൂറ്റി മുപ്പത്തിയാറ് കോടി പതിനഞ്ച് ലക്ഷത്തി എൺപത്തി ഏഴായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി ആറ്) രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന പൂർത്തീകരണത്തിനായി 1,55,47,84,186 /-(നൂറ്റി അമ്പത്തിയഞ്ച് കോടി നാല്പ്പത്തിയേഴ് ലക്ഷത്തി എൺപത്തി നാലായിരത്തി ഒരുനൂറ്റി എൺപത്തിയാറ്) രൂപ ജനറൽ ഹൗസിങ്ങ് ശീർഷകത്തിൽ നിന്നും 40 ലക്ഷം രൂപ ആദിവാസി പുനരധിവാസ മിഷൻ മുഖേനയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ